©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY



| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2018 ഏപ്രിൽ 28<br>28th April 2018<br>1193 മേടം 15<br>15th Medam 1193<br>1940 വൈശാഖം 8<br>8th Vaisakha 1940 | നമ്പർ<br>No.<br>1153 |



## കേരള സർക്കാർ

### നിയമ (ഇ) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടിച്ചത്) നമ്പർ 4/2018/നിയമം. *തിരുവനന്തപുരം, 2018 ഏപ്രിൽ 12 / 1193 മീനം 29.*

**എസ്. ആർ. ഒ. നമ്പർ 262/2018.**—1954-ലെ പ്രത്യേക വിവാഹ ആക്റ്റിലെ (1954-ലെ 43-ാം കേന്ദ്ര ആക്റ്റ്) 50-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 1958 ജനുവരി 15-ാം തീയതിയിലെ ഡി.ഡിസ്. 15676/57/ഇ.എച്ച്.ഡി. പ്രകാരം പുറപ്പെടുവിച്ചതും 1958 ഫെബ്രുവരി 4-ാം തീയതിയിലെ 5-ാം നമ്പർ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതുമായ 1958-ലെ കേരള പ്രത്യേക വിവാഹ ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിന് താഴെപ്പറയുന്ന ചട്ടങ്ങൾ ഇതിനാൽ ഉണ്ടാക്കുന്നു, അതായത്:—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.

33/1683/2018/S-22

## ചട്ടങ്ങൾ

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2018-ലെ കേരള പ്രത്യേക വിവാഹ (ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.—1958-ലെ കേരള പ്രത്യേക വിവാഹ ചട്ടങ്ങളിൽ,—

(എ) 4-ാം ചട്ടത്തിൽ, (ഡി) ഉപചട്ടത്തിനു ശേഷം, താഴെപ്പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"(ഇ) വിവാഹത്തിൽ ഏർപ്പെടുന്ന കക്ഷികൾ, ഒരു ഗസറ്റഡ് ഓഫീസർ യഥാവിധി സാക്ഷ്യപ്പെടുത്തിയ, അവരുടെ രണ്ട് സെറ്റ് പാസ്പോർട്ട് സൈസ് ഫോട്ടോഗ്രാഫുകൾ, ആയത് വിവാഹ നോട്ടീസ് ബുക്കിലും വിവാഹ സാക്ഷ്യപത്ര ബുക്കിലും ഒട്ടിക്കുന്നതിനായി ഉദ്ദിഷ്ട വിവാഹം സംബന്ധിച്ച നോട്ടീസിനോടൊപ്പം വിവാഹ ഓഫീസർക്ക് സമർപ്പിക്കേണ്ട താണ്.";

(ബി) 7-ാം ചട്ടത്തിൽ, (ഡി) ഉപചട്ടത്തിനു ശേഷം താഴെപ്പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"(ഇ) വിവാഹത്തിൽ ഏർപ്പെടുന്ന കക്ഷികൾ, ഒരു ഗസറ്റഡ് ഓഫീസർ യഥാവിധി സാക്ഷ്യപ്പെടുത്തിയ, അവരുടെ രണ്ട് സെറ്റ് പാസ്പോർട്ട് സൈസ് ഫോട്ടോഗ്രാഫുകൾ, ആയത് വിവാഹ നോട്ടീസ് ബുക്കിലും വിവാഹ സാക്ഷ്യപത്ര ബുക്കിലും ഒട്ടിക്കുന്നതിനായി വിവാഹം രജിസ്റ്റർ ചെയ്യുന്ന തിനുള്ള അപേക്ഷയോടൊപ്പം വിവാഹ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.".

(സി) ഫാറം നമ്പർ III-ൽ ക്രമനമ്പർ 1-നും അതിനെതിരെയുള്ള ഉൾക്കുറിപ്പുകൾക്കും ബ്രാക്കറ്റുകൾക്കും പകരം താഴെപ്പറയുന്ന ക്രമനമ്പരും ഉൾക്കുറിപ്പുകളും ബ്രാക്കറ്റുകളും ഫോട്ടോഗ്രാഫുകൾ ഒട്ടിക്കുന്നതിനുള്ള രൂപരേഖകളും ചേർക്കേണ്ടതാണ്, അതായത്:—

"1. കക്ഷികളുടെ പേരുകൾ എ ബി (ഭർത്താവ്)

| |
|---|
| പാസ്പോർട്ട് സൈസ് ഫോട്ടോഗ്രാഫ് ഒട്ടിക്കുക |

സി ഡി (ഭാര്യ)

| |
|---|
| പാസ്പോർട്ട് സൈസ് ഫോട്ടോഗ്രാഫ് ഒട്ടിക്കുക |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,
*നിയമ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1954-ലെ പ്രത്യേക വിവാഹ നിയമത്തിൻകീഴിൽ (1954-ലെ 43-ാം കേന്ദ്ര ആക്റ്റ്) രജിസ്റ്റർ ചെയ്യുന്ന വിവാഹങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിന്, വിവാഹത്തിൽ ഏർപ്പെടുന്ന കക്ഷികളുടെ പാസ്പോർട്ട് സൈസ് ഫോട്ടോഗ്രാഫുകൾ വിവാഹ നോട്ടീസ് ബുക്കിലും വിവാഹ സാക്ഷ്യപത്ര ബുക്കിലും വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടിയുള്ള അപേക്ഷാ ഫാറത്തിലും ഒട്ടിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ട് 1958-ലെ കേരള പ്രത്യേക വിവാഹ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

GOVERNMENT OF KERALA

**Law (E) Department**

NOTIFICATION

G. O. (P) No. 4/2018/Law.

*Dated, Thiruvananthapuram, 12th April, 2018 / 29th Meenam, 1193.*

**S. R. O. No. 262/2018.**—In exercise of the powers conferred by section 50 of the Special Marriage Act, 1954 (Central Act 43 of 1954) the Government of Kerala, hereby make the following rules further to amend the Kerala Special Marriage Rules, 1958 issued under D.Dis. 15676/57/EHD dated the 15th January, 1958 and published in the Kerala Gazette No. 5 dated the 4th February, 1958, namely:—

RULES

1. *Short title and commencement.*—(1) These rules may be called the Kerala Special Marriage (Amendment) Rules, 2018.

(2) They shall come into force at once.

2. *Amendment of the Rules.*—In the Kerala Special Marriage Rules, 1958,—

(a) in rule 4, after sub-rule (d), the following sub-rule shall be inserted, namely:—

"(e) The parties to the marriage shall, along with the notice of intended marriage submit to the Marriage Officer, two sets of their passport size photographs, duly attested by a Gazetted Officer, for affixing the same in the Marriage Notice Book and Marriage Certificate Book.";

(b) in rule 7, after sub-rule (d), the following sub-rule shall be inserted, namely:—

"(e) The parties to the marriage shall along with application for registration of marriage submit to the Marriage Officer, two sets of their passport size photographs, duly attested by a Gazetted Officer, for affixing the same in the Marriage Notice Book and Marriage Certificate Book".

(c) in Form III, for serial No.1, and the entries and brackets inst it the following Serial No., entries, brackets and diagrams for ixing photograph shall respectively be substituted, namely:—

| | | |
|---|---|---|
| "1. Name of parties | A B (Husband) | Affix passport size photograph |
| | C D (Wife) | Affix passport size photograph |

By order of the Governor,

B. G. HARINDRANATH,
*Law Secretary.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

In order to make the registration of marriages under Special Marriage Act, 1954 (Central Act 43 of 1954) more transparent, Government have decided to amend the Kerala Special Marriage Rules, 1958 by incorporating provision for affixing passport size photographs of parties to the marriage in the Marriage Notice Book, Marriage Certificate Book and application for registration of marriage.

This notification is intended to achieve the above object.

---

33/1689/18